**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1847** **10.02.2020-ൽ മറുപടിയ്ക്ക്**

**<u>മോട്ടോർ വാഹന നിയമ ഭേദഗതി</u>**

| **ചോദ്യം**<br>**ശ്രീ.കെ.എം.ഷാജി**<br>**ശ്രീ.പി.കെ.അബ്ദു റബ്ബ്**<br>**ശ്രീ.പാറക്കൽ അബ്ദുല്ല**<br>**ശ്രീ.കെ.എൻ.എ ഖാദർ** | | **മറുപടി**<br>**ശ്രീ.എ.കെ.ശശീന്ദ്രൻ**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | കേന്ദ്ര മോട്ടോർ വാഹന നിയമ ഭേദഗതി പ്രകാരമുള്ള പിഴത്തുകയിൽ കുറവ് വരുത്തരുതെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; | (എ)<br>&<br>(ബി) | കേന്ദ്ര ഉപരിതല റോഡ് ഗതാഗത മന്ത്രാലയത്തിൽ നിന്നും ലഭിച്ച 06/01/2020 ലെ RT/11012/02/2019-MVL-Pt.8 നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിരുന്നു. 2019 ലെ മോട്ടോർ വെഹിക്കിൾസ് (ഭേദഗതി) ആക്ട് പ്രകാരം വിവിധ കുറ്റകൃത്യങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള പിഴത്തുകയിൽ എന്തെങ്കിലും തരത്തിലുള്ള ഭേദഗതി വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല.എന്നാൽ, മോട്ടോർ വെഹിക്കിൾസ് ആക്ടിലെ 200-ാം വകുപ്പ് പ്രകാരം വിവിധ കുറ്റങ്ങൾ രാജിയാക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള രാജിയാക്കൽ ഫീസ് പുതുക്കി നിശ്ചയിക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. 26/10/2019 ലെ ജി.ഒ(പി) 37/2019/ഗതാ. പ്രകാരം നിശ്ചയിച്ചിട്ടുള്ള തുക പിഴ തുക അല്ല, മറിച്ച 200-ാം വകുപ്പ് (i)-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാന സർക്കാരിനുള്ള അധികാരമുപയോഗിച്ച്, വിവിധ കുറ്റങ്ങൾ രാജിയാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കോംമ്പൗണ്ടിംഗ് തുകയായതിനാൽ സർക്കാരിന്റെ നടപടിയിൽ അപാകതയൊന്നും തന്നെയില്ല. |
| (ബി) | കേന്ദ്ര നിർദ്ദേശം പാലിക്കാത്ത പക്ഷം ഭരണഘടനയുടെ 356-ാം വകുപ്പ് പ്രകാരം നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിരുന്നോ; വിശദാംശം അറിയിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**